പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2218** **04.11.2019 - ൽ മറുപടിക്ക്.**

## ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി

ചോദ്യം

**ശ്രീ.കെ.എൻ.എ ഖാദർ :**

(എ) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന ഇതര സംസ്ഥാനക്കാർക്ക് റേഷൻ ലഭ്യത ഉറപ്പാക്കാനായുള്ള "ഒരു രാജ്യം ഒരു റേഷൻ കാർഡ്" എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കുമ്പോൾ മറ്റ സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്ക് റേഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടാകാനിടയുണ്ടോ, വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയ വിലയിരുത്തൽ എന്തൊക്കെയാണ്; വിശദമാക്കാമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 ന്റെ പ്രധാന ഘടകമായ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണത്തിലെ IMPDS (Integrated Management in Public Distribution System) മായി ബന്ധപ്പെട്ട ലക്ഷ്യങ്ങളിലൊന്നാണ് **"ഒരു രാജ്യം ഒരു റേഷൻ കാർഡ്"** എന്നത്. ആയത് നാഷണൽ പോർട്ടബിലിറ്റി മുഖേന സാധ്യമാക്കുന്നതിനായി 2019 ഒക്ടോബർ 1-ന് കേരള-കർണ്ണാടക ക്ലസ്റ്റർ രീതിയിൽ പൈലറ്റ് പദ്ധതി നടത്തുകയും ചെയ്തിട്ടുണ്ട്.

നാഷണൽ പോർട്ടബിലിറ്റി സംബന്ധിച്ച് കേന്ദ്രസർക്കാർ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായിരിക്കണം (അന്ത്യോദയ അന്ന യോജന, മുൻഗണന), ഇ-പോസ് സ്ഥാപിച്ചിട്ടില്ലാത്ത റേഷൻകടയിലെ അംഗമാകാൻ പാടില്ല, സംസ്ഥാന പദ്ധതികളിലെ ഗുണഭോക്താവ് ആകാനും പാടില്ല.
2. ഗുണഭോക്താവിന്റെ ആധാർ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിരിക്കണം.
3. ഗുണഭോക്താവിന്റെ കുടുംബത്തിന് ഒന്നിലധികം റേഷൻ കാർഡ് ഉണ്ടാകാൻ പാടില്ല.
4. ഗുണഭോക്താവ് ഒന്നിലധികം റേഷൻ കാർഡിൽ അംഗമാകാൻ പാടില്ല.

ആയതിനാൽ മറ്റ സംസ്ഥാനങ്ങളിലെ കേരളീയർക്ക് റേഷൻ ലഭിക്കുന്നതിന് തടസം വരുന്നില്ല.

| | |
|---|---|
| **(ബി)** ഈ പദ്ധതി നടപ്പിലായാൽ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന പൊതു വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുള്ള കേരളീയർക്ക് റേഷൻ നിഷേധിക്കപ്പെട്ടുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാകും; വിശദമാക്കാമോ; | **(ബി)** നാഷണൽ പോർട്ടബിലിറ്റി നടപ്പാകുമ്പോൾ റേഷൻ നിഷേധിക്കപ്പെടില്ല. പ്രസ്തുത സംവിധാനമുപയോഗിച്ച് എ.എ.വൈ/പി.എച്ച്.എച്ച് കാർഡുകളിൽ ഉൾപ്പെട്ടവർക്ക് ഏതു സംസ്ഥാനത്തു നിന്നും വാങ്ങാം എന്ന അധിക സൗകര്യം ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പൊതുവിഭാഗം, പൊതുവിഭാഗം (സബ്സിഡി) എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടില്ല. |
| **(സി)** എല്ലാ കേരളീയർക്കും റേഷൻ ലഭ്യമാക്കുന്നതിന് അനുയോജ്യമായ നടപടികൾ സ്വീകരിക്കാമോ? | **(സി)** നിലവിൽ റേഷൻ കാർഡുള്ള എല്ലാ കേരളീയർക്കും റേഷൻ ലഭ്യമാക്കിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**